# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 16.11.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കം.

   Prime Minister Narendra Modi's six-day tri-nation visit begins today.

2. ബോഡോ സമാധാനക്കരാർ മറ്റ് സമാധാനക്കരാറുകൾക്ക് വഴിതെളിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says the Bodo Peace Accord has paved the way for other peace agreements.

3. കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിനായി വികസിത രാജ്യങ്ങൾ പ്രതിവർഷം 1.3 ട്രില്യൺ ഡോളർ സമാഹരിക്കണമെന്ന് COP29 ഉച്ചകോടിയിൽ ആവശ്യപ്പെട്ട് ഇന്ത്യ.

   India calls on developed countries to raise $1.3 trillion annually to combat climate change at the COP29 summit.

4. ഇന്ത്യൻ ഗ്രിഡ് വഴി നേപ്പാളിൽ നിന്ന് ബംഗ്ലാദേശിലേക്കുള്ള ആദ്യത്തെ ത്രിരാഷ്ട്ര ഊർജ്ജ കൈമാറ്റത്തിന് തുടക്കമായി.

   The first tri-nation power transfer from Nepal to Bangladesh through the Indian grid has begun.

5. പാലക്കാട് ഉപ തെരഞ്ഞെടുപ്പിൻറെയും മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പുകളുടെയും പ്രചാരണം പുരോഗമിക്കുന്നു.

   Campaigning for the Palakkad by-election and the Maharashtra and Jharkhand assembly elections is in progress.

6. 'പത്രമാധ്യമ സ്വഭാവത്തിലെ മാറ്റം' എന്ന പ്രമേയത്തിലൂന്നി ഇന്ന് ദേശീയ പത്ര ദിനം.

**Today is National Press Day with the theme 'Change in the nature of the press'.**

7. ദക്ഷിണാഫ്രിക്കക്ക് എതിരായ ടി 20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 135 റൺസ് വിജയം.

**India wins the T20 cricket match against South Africa by 135 runs.**

****************************************

**HEADLINE-1**

## REV PM-THREE-NATION VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. നൈജീരിയ, ബ്രസീൽ, ഗയാന എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ആദ്യഘട്ടത്തിൽ, നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി നൈജീരിയയിലേക്ക് പോകും. 17 വർഷത്തിന് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം അവലോകനം ചെയ്യുന്നതിനും ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിനുമായുള്ള ചർച്ചകളിൽ പ്രധാനമന്ത്രി പങ്കെടുക്കും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. നൈജീരിയയിൽ നിന്ന് ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി മോദി തിങ്കളാഴ്ച ബ്രസീലിയൻ നഗരമായ റിയോ ഡി ജനീറോയിലേക്ക് തിരിക്കും. ചൊവ്വാഴ്ച ഗയാന സന്ദർശിക്കുന്ന പ്രധാനമന്ത്രി വ്യാഴാഴ്ച മടങ്ങും.

****************************************

**HEADLINE-2**

## PM BODOLAND (INTRO)

ബോഡോ സമാധാനക്കരാർ ഗുണകരമായത് ബോഡോ വിഭാഗത്തിന് മാത്രമല്ലെന്നും നിരവധി മറ്റു സമാധാനക്കരാറുകൾക്കും ഇത് വഴിതെളിച്ചതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂ ഡൽഹിയിൽ നടന്ന ആദ്യ ബോഡോലാൻഡ് മഹോത്സവത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമാധാന ഉടമ്പടികളിലൂടെ പതിനായിരക്കണക്കിന് യുവാക്കൾ ആയുധവും അക്രമവും ഉപേക്ഷിച്ചതായും ഇവർ പൊതുസമൂഹത്തിൻറെ വികസനത്തിൽ പങ്കാളികളായതായും ശ്രീ മോദി പറഞ്ഞു. ബോഡോലാൻഡിന്റെ വികസനത്തിനായി കേന്ദ്രസർക്കാർ 1500 കോടി രൂപയാണ് നൽകിയത്. അസ്സാം സർക്കാരും പ്രത്യേക വികസന പാക്കേജ് നൽകിയിട്ടുണ്ട്.

**(പി.എം. വോയിസ്)**

നക്സൽ തീവ്രവാദത്തെ പിന്തുടരുന്നവർ ബോഡോ ജനതയെ മാതൃകയാക്കണമെന്നും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*******************************************

**HEADLINE-3**

## CLIMATE CHANGE - COP 29 SUMMIT AT BAKU

കാലാവസ്ഥാ വ്യതിയാനം കണക്കിലെടുത്ത്, വികസിത രാജ്യങ്ങൾ 2030 വരെ ഓരോ വർഷവും കുറഞ്ഞത് 1.3 ട്രില്യൺ ഡോളർ സമാഹരിക്കാൻ പ്രതിജ്ഞാബദ്ധരാകണമെന്ന് COP29 കാലാവസ്ഥാ ഉച്ചകോടിയിൽ ഇന്ത്യ ആവശ്യപ്പെട്ടു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളുടെ രൂപത്തിൽ കൂടുതൽ പ്രകടമാകുന്നതായും അസർബൈജാനിലെ ബാക്കുവിൽ നടന്ന ഉച്ചകോടിയിൽ ഇന്ത്യ ചൂണ്ടിക്കാട്ടി. തീവ്ര കാലാവസ്ഥ സാഹചര്യം ദക്ഷിണ മേഖല രാജ്യങ്ങളിലെ ജനങ്ങളെയാണ് ഏറ്റവുമധികം ബാധിക്കുന്നതെന്നും, വികസ്വര രാജ്യങ്ങളെ പ്രതിനിധീകരിച്ച്,

ഇന്ത്യയ്ക്ക് വേണ്ടി പരിസ്ഥിതി മന്ത്രാലയം അഡീഷണൽ സെക്രട്ടറി നരേഷ് പാൽ ഗാംഗ്വാർ പറഞ്ഞു.

******************************************

**HEADLINE-4**

## INDIA NEPAL BANGLADESH

ഊർജ സഹകരണത്തിൽ സുപ്രധാന നാഴികക്കല്ല് കൈവരിച്ച് ഇന്ത്യയും നേപ്പാളും ബംഗ്ലാദേശും. ഇന്ത്യൻ ഗ്രിഡ് വഴി നേപ്പാളിൽ നിന്ന് ബംഗ്ലാദേശിലേക്ക് 40 മെഗാവാട്ട് വരെയുള്ള ആദ്യത്തെ ത്രിരാഷ്ട്ര ഊർജ്ജ കൈമാറ്റത്തിനാണ് തുടക്കമായത്. കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി മനോഹർ ലാൽ ഖട്ടർ, ബംഗ്ലദേശ് ഊർജ മന്ത്രാലയത്തിന്റെ ഉപദേഷ്ടാവ് ഫൗസുൽ കബീർഖാൻ, നേപ്പാളിലെ ഊർജ, ജലവിഭവ മന്ത്രി ദീപക് ഖഡ്ക എന്നിവർ വെർച്വലായി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

******************************************

## IITF-SOCIAL JUSTICE MINISTRY

ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയിൽ സാമൂഹ്യനീതി മന്ത്രാലയത്തിന്റെ പവലിയൻ കേന്ദ്ര മന്ത്രി വീരേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. പിന്നാക്ക വിഭാഗത്തിൽപ്പെട്ട 100 ഓളം കരകൗശല വിദഗ്ദ്ധർക്കും സംരംഭകർക്കും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നതായി കേന്ദ്രമന്ത്രി വ്യക്തമാക്കി. സ്റ്റാളുകളിൽ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാ ഉൽപ്പന്നങ്ങളും പൂർണമായി ഇന്ത്യയിൽ നിർമിച്ചിട്ടുള്ളതാണെന്നും ശ്രീ വീരേന്ദ്രകുമാർ പറഞ്ഞു.

******************************************

## MANDAVIYA EPFO

ഭീമമായ സേവിങ്സ് കോർപ്പസ് കൈകാര്യം ചെയ്യുകയും സാമൂഹികസുരക്ഷാ പദ്ധതികൾ വിജയകരമായി

നടപ്പിലാക്കുകയും ചെയ്യുന്ന എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനെ പ്രകീർത്തിച്ച് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. ന്യൂ ഡൽഹിയിൽ EPFO-യുടെ 72 ആമത് സ്ഥാപകദിനാഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*****************************************

**HEADLINE-6**

## NATIONAL PRESS DAY

ഇന്ന് ദേശീയ പത്ര ദിനം. 'പത്രമാധ്യമ സ്വഭാവത്തിലെ മാറ്റം' എന്നതാണ് എന്നതാണ് ഈ വർഷത്തെ പ്രമേയം. ന്യൂ ഡൽഹിയിലെ ദേശീയ മാധ്യമകേന്ദ്രത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ എന്നിവർ പങ്കെടുക്കും.

*****************************************

**HEADLINE-7**

## T20 CRICKET

ദക്ഷിണാഫ്രിക്കക്ക് എതിരായ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 135 റൺസ് വിജയം. ഇതോടെ പരമ്പര ഇന്ത്യ 3-1ന് സ്വന്തമാക്കി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 283 റൺസെടുത്തു. ഇന്ത്യക്കു വേണ്ടി സഞ്ജു സാംസണും തിലക് വർമയും സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിൽ ദക്ഷിണാഫ്രിക്ക 18.2 ഓവറിൽ 148 റൺസിന് പുറത്തായി.

*****************************************

## SABARIMALA (INTRO)

മണ്ഡല മകരവിളക്ക് കാലത്തിന് ആരംഭം. ഭക്തിസാന്ദ്രമായി ശബരിമല. വൃശ്ചിക പുലരിയിൽ അയ്യപ്പനെ കാണാൻ ഭക്തജന തിരക്ക്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

*****************************************

**HEADLINE-5**

## PALAKKAD ELECTION

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടന്നു. എൽ.ഡി.എഫ് സ്ഥാനാർഥി പി സരിൻ മണ്ഡലത്തിൽ ലൈവത്തോൺ നടത്തിയാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് സൗത്ത് മണ്ഡലത്തിലാണ് വോട്ടർമാരെ കാണുക. എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ ഇന്ന് പാലക്കാട്, പിരായിരി മണ്ഡലങ്ങളിൽ പ്രചാരണം നടത്തും.

*****************************************

**HEADLINE-5a**

## DAY JHARKHAND - CAMPAIGNING

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം പുരോഗമിക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ദുംക, മധുപൂർ, ധൻവാർ നിയമസഭാ മണ്ഡലങ്ങളിൽ പൊതു റാലികളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്നലെ വിവിധ പ്രചാരണ യോഗങ്ങളിൽ സംബന്ധിച്ചു. RJD, AJSU, മറ്റ് ഇടതു പാർട്ടികൾ എന്നിവയുടെ പ്രചാരണ പരിപാടികളും സജീവമാണ്. ഈ മാസം 20-നാണ് രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ്.

*****************************************

**HEADLINE-5b**

## UPDATED MAHARASHTRA CAMPAIGNING

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ റാലികളും യോഗങ്ങളും ശക്തമാക്കി സ്ഥാനാർത്ഥികൾ. താനെയിൽ നടന്ന റാലിയിൽ ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, ഉംർഖേദിൽ മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ, അഷ്ടിയിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി എന്നിവരും പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. എൻസിപി (എസ്പി) തലവൻ ശരദ് പവാർ സാംഗ്ലിയിലെ റാലിയിൽ സംബന്ധിച്ചു.

******************************************

## JHANSI HOSPITAL FIRE

ഉത്തർപ്രദേശിലെ ഝാൻസി മെഡിക്കൽ കോളേജിലെ NICU-വിൽ ഉണ്ടായ തീപിടുത്തത്തിൽ 10-ഓളം നവജാത ശിശുക്കൾ കൊല്ലപ്പെട്ടു. NICU-വിൽ ഉണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് ജില്ലാ മജിസ്ട്രേറ്റ് അവിനാഷ് കുമാർ വ്യക്തമാക്കി. പ്രഥമ ദൃഷ്ട്യാ 10 കുട്ടികളുടെ മരണമാണ് സ്ഥിരീകരിച്ചതെന്നും നിരവധി കുട്ടികളെ രക്ഷപ്പെടുത്താൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.
******************************************

## NCB-COCAINE

ഡൽഹിയിൽ നാർക്കോട്ടിക്സ് കണ്ട്രോൾ ബ്യൂറോ നടത്തിയ പ്രത്യേക ഓപ്പറേഷനിൽ 900 കോടി രൂപയുടെ കൊക്കെയ്ൻ പിടികൂടി. വിദേശത്തു നിന്നുമുള്ള സംഘമാണ് ഇതിനു പിന്നണിലെന്ന് ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി. ഇതുവരെ രണ്ടു പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും മന്ത്രാലയം അറിയിച്ചു. കേന്ദ്രമന്ത്രി അമിത് ഷാ NCB-യെ അഭിനന്ദിച്ചു.

******************************************

## KALPATHY-PALAKKAD

ഇന്നലെ വൈകീട്ട് ദേവരഥ സംഗമത്തിന് സാക്ഷിയായ കല്പാത്തിയിൽ ഇന്ന് രഥോത്സവത്തിന് കൊടിയിറങ്ങും. നാല് ക്ഷേത്രങ്ങളിലെ ആറ് രഥങ്ങളാണ് മൂന്ന് ദിവസത്തെ പ്രയാണത്തിന് ശേഷം ഇന്നലെ വൈകീട്ട് തേരുമുട്ടിയിൽ സംഗമിച്ചത്. ഇന്ന് രാവിലെ 10 നും 11 നും ഇടയ്ക്ക് അഗ്രഹാര ക്ഷേത്രങ്ങളിൽ ഈ വർഷത്തെ രഥോത്സവത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള ചടങ്ങുകൾ നടക്കും.

******************************************

## WAYANAD-HARTAL

ചൂരൽമല ഉരുൾ പൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിലും സാമ്പത്തിക സഹായം വൈകുന്നതിലും പ്രതിഷേധിച്ച് ഈ മാസം 19 ന് യുഡിഎഫും എൽഡിഎഫും വയനാട്ടിൽ ഹർത്താലിന് ആഹ്വാനം ചെയ്തു. രാവിലെ ആറ് മുതൽ വൈകുന്നേരം ആറു വരെയാണ് ഹർത്താൽ ആചരിക്കുക.

*

****************

*******************************************************************